ഓരോ ഗവ./എയ്ഡഡ് ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലും ആകെ അനുവദിച്ചിട്ടുള്ള സീറ്റിന്റെ 20% സീറ്റുകളാണ് ഡിപ്പാർട്ട്മെന്റ് ക്വാട്ടാ വഴി ടി.ടി.സി-ക്കായി മാറ്റിവച്ചിട്ടുള്ളത്.

(ബി) ബി.എഡ്. യോഗ്യത നേടുന്ന വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ അതാത് വിഷയങ്ങളിൽ എച്ച്.എസ്.എ.-മാരായി പി.എസ്.സി. വഴി നിയമിക്കുന്നുണ്ട്. എന്നാൽ ടി.ടി.സി. യോഗ്യത നേടുന്ന ജീവനക്കാർക്ക് തസ്തിക മാറ്റം ഇപ്പോൾ നൽകാറില്ല.

(സി) ടി.ടി.സി. യോഗ്യതയുള്ള ജീവനക്കാരെ തസ്തിക മാറ്റം വഴി പ്രൈമറി അദ്ധ്യാപക തസ്തികയിലേക്ക് നിയമിക്കണമെന്ന ജീവനക്കാരുടെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

കോമേഴ്സ് പ്ലസ്ടു അദ്ധ്യാപകരെ നിയമിക്കാൻ നടപടി

91 [2981] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.ഒ. (എം.എസ്) 227/2004/ജി.എ.ഡിൻ തീയതി 20-7-04 ഉത്തരവ് പ്രകാരം എത്ര സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ +2 ബാച്ചുകൾ ആരംഭിച്ചിട്ടുണ്ട്; ഈ സ്കൂളുകളുടെ ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ;

(ബി) സയൻസ് ബാച്ചുകൾ നിലവിലുള്ള എത്ര സ്കൂളുകളിലാണ് കോമേഴ്സ് ബാച്ചുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കോമേഴ്സ് വിഷയങ്ങൾ പഠിപ്പിക്കാൻ യോഗ്യതയുള്ള അദ്ധ്യാപകർ ഇല്ലാത്തതിനാൽ കോമേഴ്സ് ബാച്ചിൽ പി.ടി.എ. 10,000 രൂപ വരെ ശമ്പളം നൽകി ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജി.ഒ. (എം.എസ്) 227/2004/ജി.എ.ഡിൻ 20-7-04, ജി.ഒ. (എം.എസ്) 256/ജി.എ.ഡിൻ 9-8-04 എന്നിവ പ്രകാരം 80 സർക്കാർ സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

തിരുവനന്തപുരം	..	8
കൊല്ലം	..	8
പത്തനംതിട്ട	..	4

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ	..	5
കോട്ടയം	..	2
ഇടുക്കി	..	4
എറണാകുളം	..	7
തൃശ്ശൂർ	..	4
പാലക്കാട്	..	7
മലപ്പുറം	..	2
കോഴിക്കോട്	..	2
വയനാട്	..	1
കണ്ണൂർ	..	9
കാസർഗോഡ്	..	17

(ബി) 1464 സ്കൂളുകളിൽ സയൻസും കോമേഴ്സും ബാച്ചുകൾ നിലവിലുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗസ്റ്റ് അദ്ധ്യാപകർക്ക് ഒരു മാസം നൽകാവുന്ന പരമാവധി ശമ്പളം 6000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹയർ സെക്കണ്ടറി സ്കൂളുകളിൽ കെമിസ്ട്രി അദ്ധ്യാപക നിയമനം

92 [2982] ശ്രീ. ഇസ്ഹാക് കുരിക്കൾ :
,, സി. ടി. അഹമ്മദ് അലി :
,, നാലകത്ത് സൂപ്പി :
,, പി. കെ. അബ്ദുറബ്ബ് :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ +2 കെമിസ്ട്രി അദ്ധ്യാപക തസ്തികകളിൽ ഇപ്പോൾ ഒഴിവുകളുണ്ടോ;

(ബി) ഈ ഒഴിവുകളിൽ നിയമനം നടത്താൻ പി. എസ്. സി.-ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly